പദ്ധതിപ്രദേശത്തുനിന്നും കുടിയിറക്കേണ്ടിവരുന്നവർക്ക് ചെയ്തുകൊടുക്കുന്ന സൗകര്യങ്ങൾ

* 66. [4] † ശ്രീ. ടി. ഒ. ബാവ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പദ്ധതി പ്രദേശത്തുനിന്നും കുടിയിറക്കേണ്ടിവരുന്നവർക്ക് എന്തെല്ലാം സൗകര്യങ്ങളാണ് സർക്കാർ ചെയ്തുകൊടുക്കാൻ ഉദ്ദേശിക്കുന്നത് ;

(ബി) സർക്കാർ അനുവാദത്തോടുകൂടി വനത്തിൽ കയറി കൃഷിചെയ്തു കുടിപാർത്തു വരുന്നവരെ ഏതെങ്കിലും പദ്ധതിക്കു ഒഴിപ്പിക്കേണ്ടിവരുമ്പോൾ അവരുടെ മുഴുവൻ ദേഹണ്ഡത്തിനും വില കൊടുക്കുവാനുള്ള നടപടി എടുക്കുമോ;

(സി) കല്ലാർ കുട്ടിഡാമിനകത്തും പരിസരങ്ങളിലുമുള്ള കൃഷിക്കാരെ ഒഴിപ്പിക്കുമ്പോൾ അവർക്ക് പകരം എവിടെ ഭൂമി കൊടുക്കാനാണ് തീരുമാനിച്ചിട്ടുള്ളത് ?

ആഭ്യന്തരവകുപ്പുമന്ത്രി (ശ്രീ. പി. ടി. ചാക്കോ) :

(എ) 1–1–60-നു് മുൻപു് പദ്ധതിപ്രദേശത്തുള്ള ഭൂമി കയ്യേറിയവരും എന്നാൽ പദ്ധതിയുടെ ആവശ്യത്തിനുവേണ്ടി ഒഴിപ്പിക്കപ്പെടുന്നവരും ആയ ആളുകളെ വനസംരക്ഷണത്തിനും പദ്ധതിയുടെ ആവശ്യത്തിനും വേണ്ടി വരാത്ത ഭൂമികളിൽ കുടി പാർപ്പിക്കുന്നതാണു്, മേൽ പ്രസ്താവിച്ച വിധത്തിലുള്ള ആളുകളിൽ പാട്ടവ്യവസ്ഥയിൽ ഭൂമി കൈവശം വച്ചുകൊണ്ടിരുന്നവർക്കു് അവരുടെ കൈവശം ഉണ്ടായിരുന്ന വിസ്തീർണ്ണത്തിനു തുല്യമായ ഭൂമി പുതുതായി കുടിപാർക്കുന്ന സ്ഥലത്തു നൽകുന്നതാണു്. എന്നാൽ ഇപ്രകാരം നൽകുന്ന ഭൂമിയുടെ പരിധി പരമാവധി അഞ്ചേക്കർ ആയിരിക്കും. പാട്ടവ്യവസ്ഥയിൽ അല്ലാതെ 1–1–60-നു മുൻപുള്ള വെറും കൈവശക്കാർക്കു ഉടമസ്ഥനെന്ന നിലയിലോ, കുടിയാനെന്ന നിലയിലോ ഓരോ ഏക്കറിൽ കവിഞ്ഞ ഭൂമി വേറെ കൈവശമില്ലാത്തപക്ഷം ഒരേക്കർ ഭൂമി വീതം നൽകുന്നതായിരിക്കും. ഇതിനും പുറമേ മറ്റു പുനരധിവാസ സൗകര്യങ്ങളും നൽകുന്നതായിരിക്കും. അവ എന്തൊക്കെയാണെന്ന തീരുമാനിച്ചുകഴിഞ്ഞിട്ടില്ല.

(ബി) ഇപ്പോഴും പറയുവാൻ നിവൃത്തിയില്ല.

(സി) എവിടെയാണു് ഭൂമി കൊടുക്കേണ്ടതെന്നു് അവസാനമായി തീരുമാനിച്ചിട്ടില്ല.

ശ്രീ. ജോസഫ് ചാഴിക്കാടൻ : ഭൂമിയിൽ കുടിയേറി പാർക്കുന്നവരെ ഇറക്കിവിടുമ്പോൾ ദേഹണ്ഡം എന്നുള്ള നിലയിൽ എന്തെങ്കിലും കൊടുക്കുവാൻ ഈ ഗവണ്മെന്റു് ഉദ്ദേശിക്കുന്നുണ്ടോ ? ഇല്ലെങ്കിൽ ഗവണ്മെന്റു് അവരെ ഇറക്കിവിടുകയും വില കൊടുക്കുന്ന കാര്യത്തിൽ ആലോചിക്കുകയുമാണെന്നു പറഞ്ഞാൽ ഇറങ്ങിപ്പോകുന്നവരുടെ സ്ഥിതി എന്തായിരിക്കും ?

ശ്രീ. പി. ടി. ചാക്കോ : ഇറക്കിവിടുന്നതിനു മുമ്പുതന്നെ അതിനെപ്പറ്റി ആലോചിച്ചു് ഒരു തീരുമാനം എടുക്കുന്നതാണു്.

ശ്രീ. എം. വി. വാസു : പെരിന്തൽമണ്ണ താലൂക്കിൽ കാഞ്ഞിരംപുഴ പദ്ധതിക്കുവേണ്ടി കുറേപ്പേരെ ഒഴിപ്പിക്കുകയുണ്ടായി. എന്നാൽ രണ്ടു കൊല്ലമായി അവിടെ യാതൊരു പ്രവർത്തനവും നടക്കുന്നില്ല. വീടുകൾ വാടകയ്ക്കുപോലും കൊടുക്കാതെ വെറുതെ ഇട്ടിരിക്കുകയാണു്. ഈ സ്ഥലങ്ങൾ പഴയ ആളുകൾക്കു് മടക്കിക്കൊടുക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ ?

ശ്രീ. പി. ടി. ചാക്കോ : പ്രത്യേകമൊരു ചോദ്യമായി ചോദിച്ചാലല്ലാതെ മറുപടി പറയുവാൻ നിവൃത്തിയില്ല.

ശ്രീ. എം. എം. സുന്ദരം : ജി. എം. എഫ് സ്കീമനുസരിച്ചു് ദേഹണ്ഡം കണക്കാക്കി നഷ്ടപരിഹാരം കൊടുക്കുന്നതിനു് എന്തെങ്കിലും തീരുമാനം ഗവണ്മെന്റു് എടുത്തിട്ടുണ്ടോ ?

† Put by Shri R. Balakrishna Pillai.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. ടി. ചാക്കോ : സർക്കാർ കൊടുത്തിട്ടുള്ള ഭൂമിയിൽനിന്നും ഇറക്കിവിട്ടവർക്ക് അവർക്ക കൊടുത്തിരുന്ന ഭൂമി എത്രയാണോ പകരം അത്രയും ഏക്കർ ഭൂമി, അഞ്ചേക്കർ എന്ന പരിധിവച്ച കൊടുക്കുന്നതാണ്. ദേഹണ്ഡത്തെ സംബന്ധിച്ച് എന്തെങ്കിലും കൊടുക്കുവാൻ കഴിയുമോ ഇല്ലയോ എന്നുള്ളതിനെ സംബന്ധിച്ച അവസാനമായി ഒരു തീരുമാനവും ചെയ്യുകഴിഞ്ഞിട്ടില്ല.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: അയ്യപ്പൻകോവിലിൽനിന്നും ഇറക്കിവിട്ടവർക്ക പകരം ഭൂമി കൊടുത്തില്ലെന്ന വളരെയധികം പരാതി ഇന്നു നിലവിലുണ്ട്. എല്ലാവർക്കും ഭൂമി കൊടുത്തിട്ടുണ്ടോ

ശ്രീ. പി. ടി. ചാക്കോ : ഇറക്കിവിട്ടവരിൽ അർഹരായ എല്ലാവർക്കും ഭൂമി കൊടുത്തിട്ടുണ്ട്. യഥാർത്ഥത്തിൽ ഭൂമി കൈവശം വച്ചുകൊണ്ട് കൃഷി ചെയ്യാത്ത കുറെപ്പേരും, സാങ്കേതികമായ ചില കാരണങ്ങൾകൊണ്ട് അർഹരാണെന്നു വരുത്തി ഞങ്ങളേയും ഇറക്കിവിട്ട, അതുകൊണ്ട് ഞങ്ങൾക്കും ഭൂമി കിട്ടണം എന്നും മറുമുള്ള പരാതികളാണ് നിലവിലുള്ളത്.

ശ്രീമതി ഏ. നഫീസത്തു ബീവി : ഭൂമി ഒഴിപ്പിക്കുമ്പോൾ കുടികിടപ്പുകാർക്ക് അതു ജന്മിയുടെ ഭൂമിയാണെങ്കിൽ എന്തെല്ലാം ആനുകൂല്യങ്ങളാണ് കൊടുക്കുന്നത് ?

ശ്രീ. പി. ടി. ചാക്കോ : ലാൻഡ് റിഫോംസ് ആക്റ്റിൽ അതിനു വ്യവസ്ഥയുണ്ട്. അവർ കുടികിടക്കുന്ന സ്ഥലത്തിന്റെ 90 ശതമാനം വില കൊടുക്കും എന്നാണ് ഇപ്പോഴുള്ള വ്യവസ്ഥ.

ശ്രീ. പി. നാരായണൻ തമ്പി : നെയ്യാർ റിസർവോയറിനു സമീപമുള്ളവരെ വാഴിച്ചലലിലേക്ക് മാറ്റി താമസിപ്പിക്കുന്നുണ്ട്. ഗവർണ്ണരുടെ പ്രസംഗത്തിലും അതേപ്പറ്റി പരാമർശിച്ചിട്ടുണ്ട്. അതിനു ഒരേക്കർ സ്ഥലവും 50 രൂപ സഹായധനവും എന്നാണ് വച്ചിട്ടുള്ളത്. ഈ ഭൂമി പതിച്ചുകിട്ടിയെങ്കിൽ മാത്രമേ അവർക്ക കാർഷികവായ്പയ്ക്ക അപേക്ഷിക്കുവാൻ അവകാശമുള്ളൂ. അതുകൊണ്ട് കൈവശമുള്ള ഭൂമിയുടെ ജാമ്യത്തിലോ, മറ്റു ഏതെങ്കിലും വ്യവസ്ഥയുടെ പേരിലോ ഇവർക്ക കാർഷികവായ്പ നൽകുന്നതിനു വേണ്ട നടപടി കൈക്കൊള്ളുമോ ?

ശ്രീ. പി. ടി. ചാക്കോ : നെയ്യാറിൻകര അണക്കെട്ടിനടുത്തു വെള്ളമുള്ള പത്തുപുനിലങ്ങളിൽ താമസിച്ചിരുന്ന കുറെ ആളുകളെയാണ് മാറ്റി താമസിപ്പിച്ചിട്ടുള്ളത്. അവർക്ക ഒരു ഏക്കർ വീതം നല്ല ഭൂമി കൊടുത്തിട്ടുണ്ട്. അതുപോലെ തന്നെ നെയ്യാറിന്റെ പരിസരപ്രദേശങ്ങളിൽ താമസിക്കുന്ന കുറെ ആളുകളും ഉണ്ട്. അവർക്കും ജന്മാവകാശം കൊടുത്തിട്ടുണ്ട്. ഇവക്കൊക്കെ പുതിയ ലാൻഡ് അസൈൻമെന്റ് റൂൾസ് നടപ്പിൽ വന്നാൽ ഉടനെതന്നെ പതിച്ചുകൊടുക്കുവാൻ തീരുമാനിക്കുന്നതാണ്. അതുകൊണ്ട് മറ്റു വിധത്തിൽ പാട്ടമോ വായ്പയോ കൊടുക്കേണ്ട കാര്യമില്ല. അതിനകംതന്നെ ഇതെല്ലാം പതിച്ചുകൊടുത്തു രജിസ്റ്റർ ചെയ്യാൻ കഴിയുന്നതാണ്.

ശ്രീ. കെ. കൃഷ്ണപിള്ള : ഗവണ്മെന്റിന്റെ അനുവാദത്തോടുകൂടി പ്രവേശിച്ചിട്ടുള്ളവരെ ഒഴിപ്പിക്കുകയാണെങ്കിൽ ദേഹണ്ഡം കൊടുക്കുന്നതിനെപ്പറ്റി തീരുമാനിച്ചിട്ടില്ല എന്നു പറഞ്ഞു. ഇപ്പോൾ നിലവിലുള്ള ലാൻഡ് അസൈൻമെന്റ് റൂൾ അനുസരിച്ച് പതിച്ചുകൊടുക്കാമെന്ന് പ്രഖ്യാപിച്ചിട്ടുള്ളതാണ്. ഏറെ വർഷങ്ങളായി അതിന്റെ നടപടികൾ പൂർത്തിയാകാതിരിക്കുകയാണ്. നടപടി നടത്തിയിരുന്നുവെങ്കിൽ ഇതെല്ലാം പതിച്ചു കിട്ടുമായിരുന്നു. ഗവണ്മെന്റിന്റെ കാലതാമസം കൊണ്ടുമാത്രം പട്ടയം കിട്ടാൻ ഇടവന്നിട്ടില്ല. ഇങ്ങനെയുള്ള ആളുകളെ സംബന്ധിച്ചിടത്തോളം അവരെ ഒഴിപ്പിക്കുകയാണെങ്കിൽ അതോടൊപ്പം ഭൂമി കൊടുക്കുകയും, ദേഹണ്ഡവിലയോ മറ്റു ആനുകൂല്യങ്ങളോ കൊടുക്കുന്നതിനുംകൂടി ഉത്തരവുണ്ടാകുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. ടി. ചാക്കോ : ഇതിനു ഉത്തരം പറഞ്ഞുകഴിഞ്ഞതാണു്. ദേഹണ്ഡത്തിനു വില കൊടുക്കുന്നതിൽ അവസാനതീരുമാനം ചെയ്യുകഴിഞ്ഞിട്ടില്ല. ചില ex gratia payment കൊടുക്കുവാൻ ഇപ്പോഴും വ്യവസ്ഥ ചെയ്തിട്ടുണ്ടു്. അടുത്ത കാലത്തു ഡൽഹിയിൽ വച്ചു നടന്ന കേന്ദ്രവിദ്യുച്ഛക്തി-ഇറിഗേഷൻ മന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ സമ്മേളനത്തിൽ ഞാനും കൃഷിവകുപ്പുമന്ത്രിയും പങ്കെടുത്തിട്ടുണ്ടായിരുന്നു. ഈ പ്രശ്നം അവിടെ ചർച്ച ചെയ്തു. ഇങ്ങനെയുള്ള സ്ഥലങ്ങളിൽ ഇറിഗേഷൻ ഡ്രോകുമോ, ദേഹണ്ഡത്തിന്റെ വില കൊടുക്കുവാൻ കഴിയുമോ എന്നുള്ള കാര്യവും അവിടെ ചർച്ച ചെയ്തു. അതിന്റെ ഫലമായി ഇവരുടെ പുനരധിവാസത്തിനു സഹായകമായി ഒരു വീതം കേന്ദ്രഗവണ്മെന്റിൽ നിന്നും കിട്ടുമോ എന്നും പരിശ്രമിക്കുകയാണു്. അങ്ങനെ കിട്ടുകയാണെങ്കിൽ ഒന്നുകൂടി ആലോചിക്കാനും കൂടുതൽ പണം ചെലവാക്കാനും കഴിയും. അതുകൊണ്ടാണു് ഇതിനു് ഒരു അവസാന തീരുമാനം എടുക്കാത്തതു്.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : സർ, ഒരു പായിന്റു് ആഫ് ഓർഡർ. ശ്രീ. ടി. ഓ. ബാവായുടെ ചോദ്യം ഞാനാണു് ചോദിച്ചതു്. അതിനു് സപ്ലിമെന്ററി ചോദ്യം ചോദിക്കുവാൻവേണ്ടി ഞാൻ പത്തുപതിനഞ്ചു പ്രാവശ്യം എഴുന്നേറ്റുവെങ്കിലും എനിക്കു ചോദ്യം ചോദിക്കുവാൻ അവസരം കിട്ടിയിട്ടില്ല.

മി. സ്പീക്കർ : ചോദ്യം ചോദിച്ചിരിക്കുന്ന ആളിനു പകരം ചോദിക്കുന്ന ആളിനു ആ പ്രിവിലേജ് ഉണ്ടെന്നു തോന്നുന്നില്ല.

ശ്രീ. എൻ. ഭാസ്കരൻ നായർ : ഇടുക്കി പദ്ധതിയുടെ പ്രാജക്റ്റു് ഏരിയായുടേയും ക്യാച്ച്മെന്റു് ഏരിയായുടേയും സർവ്വേപോലും കംപ്ലീറ്റു ചെയ്യുകാണുന്നില്ല. അതിനു പ്രത്യേക കാരണങ്ങളും വല്ലതും ഉണ്ടോ ?

ശ്രീ. പി. ടി. ചാക്കോ : ക്യാച്ച്മെന്റു് ഏരിയായെ സംബന്ധിച്ചു് വളരെയധികം തെറ്റിദ്ധാരണകളും ഉണ്ടെന്നു തോന്നുന്നു. മഴപെയ്താൽ എവിടെയെല്ലാമുള്ള വെള്ളം ഇതിനകത്തു വരുമോ അതെല്ലാം ക്യാച്ച്മെന്റു് ഏരിയാ ആണു്. അതിനെ ഇപ്പോഴും ഒന്നും ചെയ്യാൻ ഉദ്ദേശിച്ചിട്ടില്ല. പ്രാജക്റ്റു് ഏരിയാ എന്നു പറഞ്ഞാൽ അണക്കെട്ടു വരുമ്പോഴും വെള്ളം നില്ക്കുന്ന സ്ഥലവും ആ വെള്ളം നില്ക്കുന്നതിനു ചുറ്റുമുള്ള പത്തുപെയിൻ സ്ഥലവുമാണു്. പ്രാജക്റ്റു് ഏരിയായുടെ സർവ്വേനടപടികളും ഇടുക്കി പദ്ധതിയിലുള്ളതു നടത്തിക്കൊണ്ടിരിക്കുകയാണു്. മിക്കവാറും പൂർത്തിയായിട്ടുണ്ടു്. ഈ വർഷം കംപ്ലീറ്റു ചെയ്യുന്നതാണു്.

ശ്രീ. ആർ. ബാലകൃഷ്ണ പിള്ള : സർ, ക്യാച്ച്മെന്റു് ഏരിയായിലുള്ള പകരം കൊടുത്തിട്ടുള്ള ഭൂമിയിൽ അതു വാങ്ങിയിട്ടുള്ള ആളുകളും അതു ഇതുവരെ കുടിയേറി പാർക്കാൻ എടുത്തിട്ടില്ല. എന്നു മാത്രവുമല്ല, വിലയും വിറ്റതായും അറിയുന്നു. ഇതിനെ സംബന്ധിച്ചു്, എന്തെങ്കിലും നടപടികളും സ്വീകരിക്കുമോ ?

ശ്രീ. പി. ടി. ചാക്കോ : ക്യാച്ച്മെന്റു് ഏരിയായിൽ നിന്നും ആളുകളെ ഇറക്കിവിടുന്നില്ല. അതുതന്നെ പതിച്ചുകൊടുക്കുകയാണു് ചെയ്യുന്നതു്.

ശ്രീ. കെ. എം. ജോർജ്ജ് : ഉത്തര ഇൻഡ്യയിലെ ദാമോദർവാലി പ്രദേശങ്ങളിൽനിന്നും ഇറക്കിവിട്ടവർക്കു് ഗവണ്മെന്റു് നൽകിയിരുന്ന മറ്റു ആനുകൂല്യങ്ങളും ഇവിടെയും കൊടുക്കുന്നതിനു സംസ്ഥാനഗവണ്മെന്റോ കേന്ദ്രഗവണ്മെന്റോ ആലോചിക്കുന്നതിനു നടപടി സ്വീകരിക്കുമോ ?

ശ്രീ. പി. ടി. ചാക്കോ : മറ്റു സംസ്ഥാനങ്ങളിൽ കൊടുത്തിരിക്കുന്നതുപോലുള്ള ആനുകൂല്യങ്ങളും ഇവിടെ കൊടുക്കുവാൻ സാധ്യമല്ല. മറ്റു പല പ്രദേശങ്ങളിലും കാണുന്നതു് ആളുകളുടെ ഭൂമിയാണു്. ആളുകളുടെ ഭൂമിയുടെ വിലവച്ചു മാർക്കറ്റു വില നല്കുന്നതുപോലെയല്ല ഇതു്. ഇതു ഗവണ്മെന്റു ഭൂമിയാണു്.

LIBRARY ARCHIVES Kerala Legislative Assembly

അതുംകൂടി മനസ്സിൽ വച്ചുകൊണ്ട് ഗവണ്മെൻറിനു് എന്തെല്ലാം ചെയ്യാമെന്നുള്ളതു ആലോചിച്ചു പ്രവത്തിക്കുന്നതാണു്. ഇൻഡ്യാഗവണ്മെൻറുമായും ആലോചന നടത്തുന്നുണ്ടു്.

കടലാക്രമണ നിരോധന പ്രവത്തനങ്ങൾ.

*67. [5] ശ്രീ. പി. എസ്സു്. കാർത്തികേയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുമരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടലാക്രമണ നിരോധന പ്രവത്തനങ്ങൾക്കു വിദഗ്ദ്ധോപദേശം നൽകുന്നതിനു് ഒരു അമേരിക്കൻ ഇൻജിനീയരെ സംസ്ഥാനത്തു് വരുത്തിയിരുന്നോ;

(ബി) ആരാണു് വരുത്തിയതു്; ഈ ഗവണ്മെൻറോ, കേന്ദ്രഗവണ്മെൻറോ;

(സി) അദ്ദേഹം ഏതെല്ലാം പ്രദേശങ്ങൾ സന്ദർശിച്ചു;

(ഡി) എന്തെല്ലാം വിദഗ്ദ്ധോപദേശങ്ങളാണു് അദ്ദേഹം നൽകിയതു്;

(ഇ) കടലാക്രമണം ഉണ്ടായ സ്ഥലങ്ങളിൽ തുടർച്ചയായി മണലിട്ടു നിറയ്ക്കണമെന്ന ഉപദേശം അദ്ദേഹം നൽകിയോ; നൽകിയെങ്കിൽ

(എഫ്) മണൽ അടുത്തു സുലഭമായി കിട്ടാൻ സൗകര്യമുള്ള ചേത്തല, പള്ളിത്തോടു പ്രദേശത്തു കടലാക്രമണം ഉണ്ടായ സ്ഥലങ്ങളിൽ മണൽ ഇട്ടു നിറയ്ക്കുവാനുള്ള നിർദ്ദേശം പരീക്ഷിച്ചു നോക്കുവാൻ ഗവണ്മെൻറു് ഉദ്ദേശിക്കുന്നുണ്ടോ?

പൊതുമരാമത്തു വകുപ്പുമന്ത്രി (ശ്രീ. പി. പി. ഉമ്മർകോയ) :

(എ) വരുത്തിയിരുന്നു.

(ബി) സംസ്ഥാനഗവണ്മെൻറിന്റെ ആവശ്യപ്രകാരം കേന്ദ്രഗവണ്മെൻറാണു് വരുത്തിയതു്.

(സി) അദ്ദേഹം കോവളം, വിഴിഞ്ഞം, തിരുവനന്തപുരം, അഞ്ചുതെങ്ങു്, പൂത്തുറ, കായിക്കര, നെടുങ്ങണ്ട, വെട്ടൂർ, ചിലക്കൂർ, വക്കലബീച്ചു്, തങ്കശ്ശേരി, തിരുമുല്ലവാരം, ആലപ്പുഴ, നീണ്ടകര, പൊന്മന, തോട്ടപ്പള്ളി, പുറക്കാടു്, സൈധി, മാനാശ്ശേരി, കണ്ണമാലി, വൈപ്പീൻ, ദ്വീപിൽപ്പെട്ട മാലിപ്പുറം, പഴങ്ങാടു്, കൊച്ചീതുറമുഖം, കോഴിക്കോടു്ബീച്ചു്, കൊയിലാണ്ടിബീച്ചു്, കൊല്ലംബീച്ചു്, തലശ്ശേരിബീച്ചു്, കണ്ണൂർ, എന്നിപ്രദേശങ്ങൾ സന്ദർശിച്ചു.

(ഡി) വിശദവിവരങ്ങളടങ്ങിയ † ലിസ്റ്റു മേശപ്പുറത്തുവച്ചിട്ടുണ്ടു്.

(ഇ) നൽകിയിട്ടുണ്ടു്.

(എഫ്) ഇല്ല. എന്നാൽ ഈ പദ്ധതി പുറക്കാടു് ഒരു മൈൽ ഒരു ഫർലാംഗ് നീളം കടൽതീരത്തു് പരീക്ഷണാത്ഥം നടപ്പാക്കുവാൻ തീരുമാനിച്ചിട്ടുണ്ടു്.

ശ്രീ. പി. എസ്സു്. കാത്തികേയൻ: ഈ പ്രമുഖ വിദഗ്ദ്ധൻ എന്തെങ്കിലും പ്രത്യേകതരത്തിലുള്ള നിർദ്ദേശം നൽകിയിട്ടുണ്ടോ? ഉണ്ടെങ്കിൽ ഇവിടെയുള്ള മെമ്പറന്മാർക്കു അതിന്റെ വിവരം നൽകുവാൻ ദയവുണ്ടാകുമോ ?

ശ്രീ. പി. പി. ഉമ്മർകോയ: † ലിസ്റ്റു മേശപ്പുറത്തുവച്ചിട്ടുണ്ടു്.

ശ്രീ. പി. എസ്സു്. കാത്തികേയൻ: സീവാൾ കെട്ടുന്നതിലും ഭംഗിയായ രീതിയിൽ കടലാക്രമണം തടയുന്നതിനുള്ള വല്ല നിർദ്ദേശവും ഈ വിദഗ്ദ്ധൻ നൽകുകയുണ്ടായോ?

† Appendix II

LIBRARY ARCHIVES Kerala Legislative Assembly